# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1033 30.10.2019-ലെ മറുപടി**

## കടിവെള്ളവിതരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.ടി.ബൽറാം | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതെല്ലാമെന്നും അവ മുടങ്ങിക്കിടക്കുന്നതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ: | എ) & ബി) | സംസ്ഥാനത്ത് പൂർത്തിയാകാതെ കിടക്കുന്ന കുടിവെള്ള വിതരണ പദ്ധതികളും മുടങ്ങിക്കിടക്കുന്നതിനുള്ള കാരണവും പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | | |
| സി) | കൂടുതൽ മേഖലകളിൽ ശുദ്ധജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | സി) | കൂടുതൽ മേഖലകളിൽ ശുദ്ധജലവിതരണ സംവിധാനം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരള വാട്ടർ അതോറിറ്റിയുടെ ഉത്പാദക ഘടകങ്ങൾ പൂർത്തിയായതോ നിർമ്മാണത്തിലിരിയ്ക്കുന്നതോ ആയ പദ്ധതികളുടെ വിതരണശൃംഖല സ്ഥാപിക്കുന്നതിനായുള്ള 128 പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. ഇതിലേക്കാവശ്യമായ ഏകദേശം 11.340 കോടി രൂപ കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ആർ.കെ.ഐ. എം.എൽ.എ. എ.ഡി.എഫ്, എം.പി. ഫണ്ട് മുതലായവയിൽ ഉൾപ്പെടുത്തി ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. 2024 ഓടു കൂടി രാജ്യത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുമെന്ന് ബഹു. പ്രധാനമന്ത്രി 2019 ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യ ദിനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ജല ജീവൻ മിഷൻ എന്ന പേരിൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024 ഓടു കൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കാനുള്ള പദ്ധതിയാണ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ആയത് കേരളത്തിലും നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടുതൽ മേഖലകളിൽ ശുദ്ധജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിനു വേണ്ടി അമൃത്, സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, ഗ്രീൻ ബുക്ക്, നബാർഡ് തുടങ്ങിയ |

| | |
|---|---|
| | ഹെഡ്ഡുകളിലുൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിയും എം.എൽ.എ., എം.പി.മാരുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ധനസഹായത്തോടെ പൈപ്പ് ലൈനുകൾ നീട്ടിയും കൂടുതൽ സ്ഥലങ്ങളിൽ ശുദ്ധജലമെത്തിക്കാൻ ശ്രമങ്ങൾ നടത്തുന്നുണ്ട്. കൂടാതെ സ്രോതസ്സുകൾ ഫീസിബിൾ ആയിട്ടുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കിയും പൈപ്പ് ലൈനിലെ ചോർച്ചകൾ കുറച്ചും NRW (Non Revenue Water) കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിച്ച് കൂടുതൽ പ്രദേശങ്ങളിൽ ശുദ്ധജലവിതരണം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ

അനുബന്ധം -I

| ക്രമ നം. | പദ്ധതിയുടെ പേര് | പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം | പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | പാറശ്ശാലക്കും സമീപ വില്ലേജുകൾക്കും മറുകിൽ മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി (കാളിപ്പാറ കുടിവെള്ള പദ്ധതി) | പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്ത് കുടിവെള്ള വിതരണം നടത്തി വരുന്നു. നെയ്യാറ്റിൻകര ആശുപത്രി ജംഗ്ഷനിൽ റെയിൽവേ ക്രോസിംഗ് അനുമതിയും, ആലുംമൂട് ജംഗ്ഷനിൽ ദേശീയ പാത ക്രോസിങ് അനുമതിയും ലഭിച്ചില്ല. കൂടാതെ പൊൻവിളവിൽ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലവും ലഭ്യമായില്ല. | റെയിൽവേ ക്രോസിങ് അനുമതി ലഭിച്ചില്ലെങ്കിലും റെയിൽവേ മേൽപാലത്തിൽ നിലവിലുണ്ടായിരുന്ന പൈപ്പ് മാറ്റി പകരം സ്ഥാപിച്ച പൈപ്പിലൂടെ ഭാഗികമായി ജലമെത്തിച്ചു. ദേശീയ പാത അധികാരികളിൽ നിന്നും അനുമതി ലഭ്യമാക്കി പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. പൊൻവിളയിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 2 | അഴൂർ, കിഴവിലം, കീഴാറ്റിങ്ങൽ വില്ലേജുകൾക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതി | ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവൃത്തികളിൽ മണനാക്ക് ജലസംഭരണിയിലേയ്ക്ക് പോകുന്ന ട്രാൻസ്മിഷൻ മെയിനും, ജലവിതരണശൃംഖലയിൽ അഴൂരിലെ റെയിൽവേ ക്രോസിങ്ങുമൊഴികെ ബാക്കിയെല്ലാ പണികളും പൂർത്തിയാക്കി പദ്ധതി 20.07.2012-ൽ കമ്മീഷൻ ചെയ്തു. ബാക്കി പണികൾ പൂർത്തിയാക്കാൻ എൻ.എച്ച്. റോഡ് കട്ടിംഗ് അനുമതി ലഭിച്ചിരുന്നില്ല. കൂടാതെ അഴൂർ ടെമ്പിൾ ഗേറ്റിനടുത്ത് റെയിൽവേ ക്രോസിങ് അനുമതിയും ലഭിച്ചില്ല. | റെയിൽവേ ക്രോസിങ് അനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിച്ചു. എൻ.എച്ച്. റോഡ് കുഴിക്കുന്നതൊഴിവാക്കി മറ്റൊരു വഴി കണ്ടുപിടിച്ച് കരാർ നൽകിയെങ്കിലും, ലഭ്യമായ ഭരണാനുമതി തുക അപര്യാപ്തമായതിനാൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 3 | പള്ളിച്ചൽ, വിളവൂരക്കൽ, ബാലരാമപുരം പഞ്ചായത്തുകൾക്ക വേണ്ടിയുള്ള കുടിവെള്ള പദ്ധതി | പദ്ധതി 14.07.2014-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. പി.ഡബ്ള്യൂ.ഡി., എൻ.എച്ച്. റോഡ് കട്ടിംഗ് റെയിൽവേ ക്രോസിങ് അനുമതി ലഭിച്ചില്ല. സമീപവാസിയുടെ എതിർപ്പും കേസും കാരണം മൊട്ടമൂട് ഉപരിതല ജലസംഭരണിയുടെ പ്രവൃത്തികൾ തുടങ്ങാനായിട്ടില്ല. പഞ്ചായത്തുകൾ സ്ഥലം ലഭ്യമാക്കാത്തതിനാൽ ജലസംഭരണികളുടെ നിർമ്മാണം നടത്താനായില്ല. | സ്ഥലം ലഭ്യമാക്കി ബാലരാമപുരം പഞ്ചായത്തിലെ വണിഗർ തെരുവിലെ ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയാക്കി. വിളവൂർക്കൽ പഞ്ചായത്തിലെ പിടാരം, പൂവട എന്നിവിടങ്ങളിൽ നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു. റെയിൽവേ ക്രോസിങ് അനുമതി ലഭ്യമാക്കുന്നതിനും, പൊതുമരാമത്ത്, ദേശീയ പാത അധികാരികളിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. കോടതി വ്യവഹാരത്തിൽ തീർപ്പായിട്ടില്ല. |
| 4 | മണ്ണൂർക്കര, വീരണകാവ് വില്ലേജുകൾക്ക വേണ്ടിയുള്ള സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതി | പദ്ധതിയുടെ കിണറും പമ്പ് ഹൗസിന്റെയും, റോ വാട്ടർ പമ്പിങ് മെയിനിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. എൻ.ആർ.ഡി.ഡബ്ള്യൂ.പി. പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം കേന്ദ്രസർക്കാർ നിർത്തലാക്കിയതു കാരണം ബാക്കി ഘടകങ്ങൾ പൂർത്തീകരിക്കാൻ തടസ്സം നേരിട്ടു. | ലഭ്യമായ തുകയിൽ അത്യാവശ്യമായ പ്രവൃത്തികൾ പൂർത്തീകരിക്കാൻ തീരുമാനിക്കുകയും, ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തികൾ തുടങ്ങാവുന്ന ഘട്ടത്തിലാണ്. |

| ക്രമ നം. | പദ്ധതിയുടെ പേര് | പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം | പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 5 | പാലോട്, ആനാട്, കുറപ്പുഴ വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര ഗ്രാമീണ കുടിവെള്ള പദ്ധതി- ഘട്ടം 1 | ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും പൂർത്തിയാക്കിയിരുന്നു. എന്നാൽ എൻ.ആർ.ഡി.ഡബ്ള്യൂ.പി. പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം കേന്ദ്രസർക്കാർ നിർത്തലാക്കിയതു കാരണം ബാക്കി ഘടകങ്ങൾ പൂർത്തീകരിക്കാൻ തടസ്സം നേരിട്ടു. | പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ 16 കോടി രൂപ അനുവദിക്കുകയും പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. |
| 6 | കരവാരം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി | പാമല്ല പമ്പ് ഹൗസിൽ നിന്നും വണ്ടിത്തട ജലസംഭരണിയിലേയ്ക്ക് 150mm AC pipe മാറ്റി 150 mm DI pipe സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാകാതെ കിടക്കുന്നു. | PWD അധികാരികൾക്ക് അനുമതി ലഭ്യമാക്കുന്നതിന് കത്ത് അയച്ചിട്ടുണ്ട്. കൂടാതെ മേൽ ഓഫീസിലും കളക്ടറുടെ കമ്മിറ്റിയിലും ഇക്കാര്യം ധരിപ്പിച്ചിട്ടുണ്ട്. |
| 7 | ടെക്നോപാർക്ക് കുണ്ടറ കുടിവെള്ള പദ്ധതി | കുണ്ടറ ചിറ്റുമല റോഡിലെ, കൊല്ലം തേനി ഹൈവേയിലും കുറുകെ 150 mm DI KI pipe സ്ഥാപിക്കുന്നതിന് തദ്ദേശവാസികളുടെ എതിർപ്പ് മൂലം മുടങ്ങിക്കിടക്കുന്നു. | ജനപ്രതിനിധികളുടെയും, വകുപ്പുതല ഉദ്യോഗസ്ഥരുടേയും യോഗം ചേരുകയും തുടർന്ന് ബഹു. ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ. യുടെ നേതൃത്വത്തിൽ യോഗം വിളിച്ചുവെങ്കിലും പൊതുജനങ്ങളുടെ എതിർപ്പു മൂലം തൽക്കാലം പ്രവൃത്തികൾ നിർത്തി വച്ചിരിക്കുന്നു. |
| 8 | കടപ്പുഴയിലെ കല്ലട നദി സ്രോതസ്സായിട്ടുള്ള കൊല്ലം കോർപ്പറേഷനിലെ കുടിവെള്ള പദ്ധതിയുടെ ശാക്തീകരണം | കിണർ നിർമ്മാണ പ്രവൃത്തിക്കായുള്ള സ്ഥലത്തേക്ക് പ്രവേശിക്കാനുള്ള സ്വകാര്യ വ്യക്തിയുടെ പേരിലുള്ള 50 മീ. സ്ക്വയർ സ്ഥലം കൂടി ലഭ്യമാകുന്നതിനുള്ള തടസ്സം. നിലവിൽ പഴയ നിരക്ക് പ്രകാരം പ്രവൃത്തി കരാറുകാരൻ വിസമ്മതം അറിയിക്കുകയുണ്ടായി. 5/2019 ലെ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി മേഴ്സിക്കുട്ടിയമ്മയുടെ നിർദ്ദേശ പ്രകാരം പ്രവൃത്തികൾ പുനരാരംഭിക്കാൻ അറിയിപ്പ് കോൺട്രാക്ടർക്ക് നൽകിയിയെങ്കിലും കോൺട്രാക്ടർ വിസമ്മതിച്ചു. | ദക്ഷിണ മേഖല ചീഫ് എഞ്ചിനീയർ വിളിച്ച മീറ്റിങ്ങിൽ പ്രൈസ് എസ്കലേഷൻ ആവശ്യപ്പെടുകയും പൈപ്പ് ലൈനിൽ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തീരുമാനിച്ച പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 9 | മാഞ്ഞൂർ കാനാക്കരി കുടിവെള്ള പദ്ധതി | റെയിൽവേ ക്രോസിങ്ങ് അനുമതി ലഭ്യമാകുന്നതിനുള്ള തടസ്സം | റെയിൽവേ ക്രോസിങ്ങിന് അനുമതിക്ക് അപക്ഷേ സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയുടെ നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| 10 | [illegible], കുന്നന്താനം, ഇരവിപേരൂർ, കോയിപ്പുറം, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള സമഗ്രകുടിവെള്ള പദ്ധതി, കോയിപ്രം പഞ്ചായത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജലശുദ്ധീകരണശാല | സ്ഥലമെടുപ്പ് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ട്. | ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാക്കി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| ക്രമ നം. | പദ്ധതിയുടെ പേര് | പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം | പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 11 | കങ്ങഴ പഞ്ചായത്തിലെ വാർഡ് 1, 2, 4, 5 കൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | പമ്പിങ് മെയിൻ പണി പൂർത്തീകരിക്കുന്നതിനു മുമ്പു തന്നെ കരാറുകാരന്റെ കരാർ റദ്ദ ചെയ്യേണ്ടതായി വരുകയും എൻ.സി. /പി.സി. , എ.ആർ.പി. ഫണ്ട് നിന്നുപോയതിനാൽ പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും ചെയ്തു. | പമ്പിങ് മെയിനിന്റെ ബാക്കിയുള്ള പ്രവൃത്തികൾക്ക് 2018-2019 സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 180.62 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി കിട്ടിലായുടൻതന്നെ പണികൾ പൂർത്തീകരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതാണ്. |
| 12 | വണ്ടൻമേട് അണക്കര വില്ലേജുകൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതി | ജലലഭ്യത ഉറപ്പ വരുത്തുന്നതിനായി 5 മീ. ഉയരത്തിൽ തടയണ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ മുടങ്ങിക്കിടക്കുന്നു. | ഇടുക്കി ജില്ലയിലെ പീരുമേട്, ഇടുക്കി, ഉടുമ്പൻചോല എന്നീ നിയോജകമണ്ഡല പരിധിയിൽ വരുന്ന 16 പഞ്ചായത്തുകൾക്കായി നടപ്പിലാക്കുന്ന കുടിവെള്ളവിതരണപദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വണ്ടൻമേട്, അണക്കര വില്ലേജുകൾക്കുള്ള പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. |
| 13 | മുട്ടം-കരിങ്കുന്നം-കുമാരമംഗലം കുടിവെള്ള വിതരണ പദ്ധതി | ദേശീഗ്രാമീണപദ്ധതിക്കായുള്ള ധനസഹായം ലഭിക്കാനുള്ള കാലതാമസം കാരണം മുടങ്ങിക്കിടക്കുന്നു. | ദേശീഗ്രാമീണപദ്ധതിക്കായുള്ള ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കുന്നതാണ്. |
| 14 | ഇഞ്ചത്തൊട്ടി ചെറുകിട കുടിവെള്ള പദ്ധതി | ഫോറസ്റ്റ് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം മൂലം മുടങ്ങിക്കിടക്കുന്നു. | വനംവകുപ്പിന്റെ അനുമതിക്കു വേണ്ടി അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിച്ചാൽ പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. |
| 15 | പൈങ്ങോട്ടൂർ കുടിവെള്ള വിതരണപദ്ധതി | പദ്ധതിക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള കാലതാമസം നേരിടുന്നതിനാൽ പദ്ധതി ഇതുവരെ ആരംഭിക്കാനായിട്ടില്ല. | |
| 16 | ഭരണിക്കാവിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിരണ പദ്ധതി | റെയിൽവേ ക്രോസിങ്ങിനുള്ള അനുമതി ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്നു. പ്രായിക്കര പാലത്തിനു കുറുകേയുള്ള ലൈനും കല്ലുമല റെയിൽവേ ക്രോസിങ്ങും 3 ഗ പ്പുകളൊഴിച്ച് ബാക്കി പണികൾ പൂർത്തീകരിച്ചു. കിണർ, പമ്പ് ഹൗസ്, പമ്പിങ് മെയിൻ, ജലശുദ്ധീകരണശാല എന്നിവ കമ്മീഷൻ ചെയ്ത് ഈ ഘടകങ്ങൾ പൊതുവായി വരുന്ന മറ്റൊരു പദ്ധതിയായ മാന്നാർ ചെന്നിത്തല കുടിവെള്ളപദ്ധതിക്ക് ജലവിതരണം നടത്തിവരുന്നു. | കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നടപ്പാതയിലെ ഡെക്കിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി റെയിൽവേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ആയത് റെയിൽവേ നിരസിക്കുകയുണ്ടായി. ഓവർബ്രിഡ്ജിനു സമാന്തരമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പാലം നിർമ്മിക്കുന്നതിനുള്ള ഡിസൈനും അനുബന്ധരേഖകളും റെയിൽവേക്കു സമർപ്പിച്ചിട്ടുണ്ട്. |
| 17 | മുട്ടം-കരിങ്കുന്നം, കുമാരമംഗലം കുടിവെള്ള പദ്ധതികൾ | ദേശീയഗ്രാമീണപദ്ധതിക്കായുള്ള ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം | ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്. |

| ക്രമ നം. | പദ്ധതിയുടെ പേര് | പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം | പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 18 | സി.ഡബ്ള്യൂ.എസ്.എസ്. - മൂപ്പൈനാട്, മേപ്പാടി, വൈതിരി പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി | ജലശുദ്ധീകരണശാലക്കുവേണ്ടിയുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ മുടങ്ങിക്കിടക്കുന്നു. | മേൽ പദ്ധതിക്കുവേണ്ടി സ്ഥലം ലഭ്യമാക്കുന്നതിന് മേപ്പാടി പഞ്ചായത്തിലെ നടപടി അന്തിമ ഘട്ടത്തിലാണ്. |
| 19 | പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിനു വേണ്ടിയുള്ള പദ്ധതി | കൊടുമ്പ് പഞ്ചായത്തിൽ നിന്നുള്ള അനുമതി ലഭ്യമാകാത്തതിനാൽ പൂർത്തീകരിച്ചിട്ടില്ല. | മേൽ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ പാലക്കാട് നഗരസഭയിലെ അമൃത് പദ്ധതി പൂർത്തീകരിക്കുമ്പോൾ മെഡിൽക്കൽ കോളേജിലേക്ക് വെള്ളം നൽകുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 20 | വളവന്നൂർ, കൽപ്പകഞ്ചേരി കുടിവെള്ളപദ്ധതി ഘട്ടം 1, ഘട്ടം 2 | താനാളൂർ, പുത്തനത്താണി റോഡിൽ റോഡ് കട്ടിങ് പെർമിഷൻ ലഭ്യമാകാത്തതിനാൽ പ്രവൃത്തി മുടങ്ങിക്കിടക്കുന്നു. | പി.ഡബ്ള്യൂ.ഡി. ആവശ്യപ്പെട്ട റോഡ് പുനരുദ്ധാരണ ചാർജ്ജായ 78,74,430/- രൂപ ഇതിനോടകം അടവാക്കിയിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പുനരാരംഭിക്കുന്നതാണ്. |
| 21 | എ.ആർ.നഗർ കുടിവെള്ളവിതരണ പദ്ധതി | ജലശുദ്ധീകരണശാലയുടെ പ്രവൃത്തി കോൺട്രാക്ടർ ആരംഭിച്ചപ്പോൾ ആരോഗ്യവകുപ്പ് സ്ഥലം നൽകുന്നതിന് എതിർത്തതു മൂലം പ്രവൃത്തി നിർത്തി വയ്ക്കേണ്ടി വന്നു. ഏകദേശം 2 വർഷത്തോളം മുടങ്ങിക്കിടന്ന് ഇപ്പോൾ സ്ഥലം ലഭ്യമായെങ്കിലും പഴയ നിരക്കിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിന് കോൺട്രാക്ടർ വിസമ്മതിച്ചതിനാൽ പ്രവൃത്തി പുനരാരംഭിച്ചില്ല. | കോൺട്രാക്ടർ നിരക്ക് പുനഃപരിശോധിക്കാൻ ആവശ്യപ്പെട്ടതിനാൽ അടുത്ത വാട്ടർ അതോറിറ്റി ബോർഡിൽ വച്ച് തീരുമാനമെടുക്കുന്നതാണ്. |

RenukaSankar
സെക്ഷൻ ഓഫീസർ